(ബി) തൊഴിൽ ചെയ്യുന്നവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് പ്രത്യേക പദ്ധതികൾ ഒന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല. എന്നാൽ അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനും പഠിച്ച മേഖലകളിൽ തന്നെ കൂടുതൽ അറിവു ലഭിക്കുന്നതിനുമായി വകുപ്പ് പല പദ്ധതികളും നടപ്പാക്കി വരുന്നു. പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട വിജയത്തിനായി തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ പി.ഇ. റ്റി.സി പ്രവർത്തിച്ചുവരുന്നു. യു.പി.എസ്.സി. നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷകൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്ത് ഒരു ഐ.എ.എസ്. കോച്ചിംഗ് സെന്ററും, മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിനായി കോഴിക്കോട് സെന്റർ ഫോർ എക്സലൻസ് എന്ന ഒരു സ്ഥാപനവും പ്രവർത്തിച്ചു വരുന്നു. കൂടാതെ CATT, MATT, GATE തൊഴിലധിഷ്ഠിത ബിരുദാനന്തര ബിരുദം എന്നിവകളിലേയ്ക്കും പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ./ഐ.ടി.സി./എഞ്ചിനീയറിംഗ്/ഡിപ്ലോമ/ഡിഗ്രി വിജയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റോടുകൂടി ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ്/അഡീഷണൽ അപ്രന്റീസ്ഷിപ്പ് നൽകുന്ന ഒരു പദ്ധതിയും വകുപ്പ് നടപ്പാക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ പരിശീലനം നൽകുന്നതു കൂടാതെ സ്വാശ്രയ കോളേജ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യങ്ങൾ, അപ്രന്റീസ് ക്ലാർക്കായി പട്ടികവർഗ്ഗ വികസനവകുപ്പിൽ തന്നെയുള്ള പരിശീലനം, വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയിക്കുന്നവർക്ക് അപ്രന്റീസ് ഷിപ്പ്, അഡീഷണൽ അപ്രന്റീസ്ഷിപ്പ്, കമ്പ്യൂട്ടർ പരിശീലനം എന്നിവ പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പാക്കിവരുന്നു.

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്

144 [3198] ശ്രീമതി ഗിരിജ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയിൽ എവിടെയാണ് ഇത് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ വാസ്തുശിൽപ്പശൈലിയിൽ ഇതിനാവശ്യമായ കെട്ടിടം നിർമ്മിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ—സി) സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരണം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly